**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഖനിയും ധാതുക്കളും ഖനനം ചെയ്യാനുള്ള പരമാധികാരം സ്വകാര്യ വ്യക്തികൾക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 1957ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ ആക്ട് കേന്ദ്രസർക്കാർ ഭേദഗതി ചെയ്ത് സ്വകാര്യ വ്യക്തികൾക്ക് ഖനിയും, ധാതുക്കളും ഖനനം ചെയ്യാനുള്ള അവസരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര ഖനി നിയമമായ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ റെഗുലേഷൻ) ആക്ടിന്മേൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളെ സംബന്ധിച്ച പൊതുജനാഭിപ്രായ സ്വാംശീകരണത്തിനായി കേന്ദ്ര ഖനിമന്ത്രാലയം 2022 മെയ് മാസം 25-ാ തീയതി ഒരു നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം നിശ്ചിത സമയപരിധിക്കകം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട്- ബി യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്ട്രാറ്റജിക് ഗണത്തിൽ പരിഗണി വന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരി അതിലേക്ക് മാറ്റി അവയുടെ അറ്റോമിക് ഇതരമായതും രാജ്യത്തിന്റെ സാങ്കേതിക ഊർജ്ജ മേഖലയിലെ നിർണ്ണായകമായതുമായ ഉപയോഗം കണക്കിലെടുത്ത് അവയുടെ ലേല നടപടികൾ കൈക്കൊള്ളുവാൻ സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു ഉപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുവാനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നത് എന്ന് സംസ്ഥാനം നിരീക്ഷിക്കുകയുണ്ടായി. നിലവിൽ, മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 5(1) ന്റെ മൂന്നാമത്തെ പ്രോവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിങ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥ ആണ് |

| | | | |
|---|---|---|---|
| | | | ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതെന്നും ആക്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഈ ഭേദഗതി ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹിക-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതു താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്നും കേന്ദ്ര ഖനി മന്ത്രാലയത്തെ രേഖാമൂലം അറിയിച്ചിരുന്നു. തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04.07.2022 ൽ യോഗം വിളിച്ചുചേർക്കുകയും ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളെ സംബന്ധി വിശദമായ വിലയിരുത്തൽ നടത്തിയിരുന്നതുമാണ്. കൂടാതെ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി, ബഹു. കേന്ദ്ര ഖനി മന്ത്രിയെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം നേരിട്ട് അറിയിക്കുകയും ഈ വിഷയത്തിൽ നിവേദനം സമർപ്പിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകൾ മൂലവും കരട് നിയമത്തിലെ വ്യവസ്ഥകൾക്കെതിരെയുള്ള കടുത്ത എതിർപ്പുകളേയും തുടർന്ന് ബീച്ച് സാൻഡ് ഉൾപ്പെടുന്ന പാർട്ട് ബി അറ്റോമിക് മിനറലുകളെ അതേപടി നിലനിർത്തികൊണ്ടാണ് നിയമ ഭേദഗതി വന്നിട്ടുള്ളത്. എന്നാൽ വിജ്ഞാപനത്തിൽ നിന്ന് വ്യത്യസ്തമായി വന്ന ഏഴാം ഷെഡ്യൂൾ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ പ്രത്യാഘാതം പരിശോധിച്ചുവരുന്നു. |
| (ബി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാത്രം ഉണ്ടായിരുന്ന ഖനിയും ധാതുക്കളും ഖനനംചെയ്യാനുള്ള പരമാധികാരം സ്വകാര്യ വ്യക്തികൾക്കും നൽകിയതിനെതിരെ സുപ്രീംകോടതിയിൽ ഹർജി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നിയമനടപടി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ